നൂറനാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് സ്ഥാപിക്കുവാൻ നടപടി

94. [94] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരുമൂട്ടിൽ നൂറനാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിന് ആലപ്പുഴ പോലീസ് സൂപ്രണ്ട് ഡി. ജി. പി. യുടെ ശുപാർശയോടെ സർക്കാരിന് നൽകിയ റിപ്പോർട്ടിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ചാരുംമൂട് കേന്ദ്രമാക്കി നൂറനാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി നൂറനാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിന് പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പീരുമേട് ഫയർ സ്റ്റേഷൻ

95. [95] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) റവന്യൂ വകുപ്പിന്റെ കൈവശമുള്ള സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ദേവികുളം ആർ. ഡി. ഒ. കൈമാറി ഉത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഉത്തരവായിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) പീരുമേട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകി ഉത്തരവാകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയതായി തുടങ്ങാനുദ്ദേശിക്കുന്ന ഫയർ & റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാപട്ടികയിൽ 32-ാമതായി പീരുമേട് ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly